# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 3564 — 26-06-2012-ൽ മറുപടിക്ക്

## കെ.എസ്.ഇ.ബിയ്ക്ക് പിരിഞ്ഞു കിട്ടാനുള്ള തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി. എ. റഹീം. | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും കെ. എസ്.ഇ.ബി.ക്ക് പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) 31.03.2012 ലെ കണക്കനുസരിച്ച് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും 568.72 കോടി രൂപ (അഞ്ഞൂറ്റി അറുപത്തിയെട്ട് കോടി എഴുപത്തി രണ്ട് ലക്ഷം രൂപ മാത്രം) പിരിഞ്ഞുകിട്ടാനുണ്ട്. ഇതിൽ എൽ.ടി. വിഭാഗത്തിൽപെട്ട 80.64 കോടിയും എച്ച്.ടി. വിഭാഗത്തിലെ 488.08 കോടിയും ഉൾപ്പെടുന്നു. |
| (ബി) അഞ്ച് ലക്ഷത്തിലധികം കുടിശ്ശിക വരുത്തിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടേയും പേരും അഡ്രസും വ്യക്തമാക്കുമോ; | (ബി) അഞ്ച് ലക്ഷത്തിലധികം കുടിശ്ശിക വരുത്തിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേര് അനുബന്ധമായി ചേർക്കുന്നു. |
| (സി) ഈ തുക പിരിച്ചെടുക്കാൻ എടുത്ത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) ഈ തുക പിരിച്ചെടുക്കാൻ എടുത്ത നടപടികൾ ചുവടെ വിശദമാക്കുന്നു.<br>(i) നിശ്ചിത തീയതിക്കുള്ളിൽ വൈദ്യുതി ചാർജ്ജ് അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുതിബന്ധം യഥാസമയം വിഛേദിക്കുക.<br>(ii) കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥ അനുവദിക്കുക. |

(iii) പലിശയിൽ ഇളവനുവദിച്ച കൊണ്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.

(iv) എൽ.ടി./എച്ച്.ടി. വിഭാഗങ്ങളിൽ പൂട്ടിക്കിടന്ന വ്യവസായശാലകളും പ്ലാന്റേഷനുകളും നിശ്ചിത തീയതിക്ക് മുമ്പ് തുറന്നു പ്രവർത്തിക്കുകയാണെങ്കിൽ ടി സ്ഥാപനങ്ങളുടെ പൂട്ടിക്കിടന്ന കാലയളവിലെ മിനിമം ഡിമാന്റ് ചാർജ്/ഫിക്സഡ് ചാർജ് എന്നിവ ഒഴിവാക്കി നൽകുക.

(v) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുക.

(vi) കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

(vii) റവന്യൂ അദാലത്തുകൾ സംഘടിപ്പിക്കുക

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്